പെൻഷനായവരെ വീണ്ടും നിയമിച്ച നടപടി

105 (6556) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫെയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ വിവിധ സ്ഥാപനങ്ങളിൽനിന്ന് പെൻഷൻപറ്റി പിരിഞ്ഞ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിലും ഇത്തരത്തിൽ നിയമിക്കപ്പെട്ടവർ ഏതെല്ലാം തസ്തികകളിലാണ് സേവനം അനുഷ്ഠിക്കുന്നത് ;

(സി) ഇത്തരം നിയമനം ലഭിച്ചവർ ഏതുതസ്തികകളിൽനിന്നും പെൻഷൻപറ്റി പിരിഞ്ഞവരാണെന്നും ഇപ്പോൾ ഓരോരുത്തർക്കും നൽകുന്ന ശമ്പളം/അലവൻസ്/മറ്റാനുകൂല്യങ്ങൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) നിശ്ചയിക്കപ്പെട്ട തസ്തികകളിൽ പെൻഷൻപറ്റി പിരിഞ്ഞവർക്കു നിയമനം നൽകാനിടയായ സാഹചര്യം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെൻഷൻപറ്റി പിരിഞ്ഞ 5 പേർക്ക് വിവിധ കാലയളവുകളിലായി ഈ സ്ഥാപനങ്ങളിൽ നിയമനം നൽകിയിട്ടുണ്ട്. ഇതിൽ 3 പേർ ഇപ്പോൾ സേവനത്തിൽ തുടരുന്നില്ല.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പുതിയതായി ആരംഭിച്ച ഓഫീസ്/റീജിയണൽ ഓഫീസ് എന്നിവയുടെ മേൽനോട്ടത്തിന് പരിചയസമ്പന്നതയും കാര്യപ്രാപ്തിയുമുള്ള ഉദ്യോഗസ്ഥരുടെ അനിവാര്യത, ആഡിറ്റ് കുടിശ്ശികയുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുക തുടങ്ങി കുറഞ്ഞ കാലയളവിലേക്ക് വിവിധ ബോർഡുകളുടെ വിവിധ ആവശ്യങ്ങൾ, മിതമായ നിരക്കിൽ നിർവ്വഹിക്കപ്പെടേണ്ട സാഹചര്യം സംജാതമായതിനാലാണ് മേൽ പ്രകാരം പെൻഷൻപറ്റി പിരിഞ്ഞവർക്ക് നിയമനം നൽകുവാനിടയായത്.

വിവിധ സഹകരണ സ്ഥാപനങ്ങളിലുള്ള തസ്തികകൾ

106 (6557) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫെയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ ഓരോന്നിലും ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly